**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2054 11.06.2018 ൽ മറുപടിക്ക്

**ഇടപ്പാളിൽ പെൺകുട്ടി പീഡിപ്പിക്കപ്പെട്ട സംഭവം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.റോജി എം. ജോൺ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള ലൈംഗിക അക്രമവും പീഡനവും വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇടപ്പാളിൽ സിനിമാ തീയേറ്ററിൽ 10 വയസ്സുള്ള പെൺകുട്ടിയെ പീഡിപ്പിച്ച സംഭവം ചൈൽഡ് ലൈൻ പ്രവർത്തകർ എന്നാണ് പോലീസിന് റിപ്പോർട്ട് ചെയ്തത്; എന്നാണ് പോലീസ് കേസ് രജിസ്റ്റർ ചെയ്തത്; | (ബി) എടപ്പാളിൽ തീയേറ്ററിൽ വച്ച് പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച സംഭവത്തിന് ചൈൽഡ് ലൈൻ പ്രവർത്തകൻ 26/04/2018 തീയതിയിൽ പോലീസിൽ പരാതി നൽകിയിട്ടുള്ളതും മേൽകാര്യത്തിന് 12/05/2018 തീയതി ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നം.103/2018 ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. |
| (സി) പ്രസ്തുത കേസ് രജിസ്റ്റർ ചെയ്യുന്നതിന് അസാധാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോ; | (സി) കാലതാമസം ഉണ്ടായിട്ടുണ്ട്. |
| (ഡി) പോക്സോ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കേസ് രജിസ്റ്റർ ചെയ്യുന്നതിൽ പോലീസിന്റെ ഭാഗത്ത് മന:പൂർവ്വമായ കാലതാമസം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; | (ഡി) കാലതാമസം നേരിട്ടത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട് |
| (ഇ) പ്രതിയുടെ രാഷ്ട്രീയ ബന്ധവും പണസ്വാധീനവും കേസ് രജിസ്റ്റർ ചെയ്യുന്നതിൽ കാലതാമസം ഉണ്ടാക്കിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | പോക്സോ നിയമത്തിലെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് പ്രതിക്കെതിരെ കേസെടുത്തിട്ടുള്ളത് എന്ന് അറിയിയ്ക്കുമോ? | (എഫ്) | എടപ്പാളിലെ തീയേറ്ററിൽ വച്ച് പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച സംഭവത്തിന് ഒന്നാം പ്രതിയായ മൊയ്തീൻകുട്ടിക്കെതിരെ ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നം.103/2018 u/s354(A) IPC, Sec 7 & 8 of POCSO Act 2012 പ്രകാരം 12.05.2018 തീയതി കേസ്സ് രജിസ്റ്റർ ചെയ്ത് നിയമാനുസരണം നടപടി സ്വീകരിച്ചുവരുന്നുണ്ട്. അന്വേഷണ മദ്ധ്യേ ഈ കേസ്സിൽ u/s 5(1)m r/w 6, 9(m) r/w 10, 16 r/w 17 & 19(1) r/w 21 of POCSO Act, Sec 75 of Juvenile Justice Act & Sec 376(2)(i) r/w 375(b), 354 IPC എന്നീ വകുപ്പുകൾ കൂട്ടിച്ചേർത്ത് ബന്ധപ്പെട്ട കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ